പത്രാധിപർക്കുള്ള കത്ത്

# അധ്വാന വർഗ്ഗത്തിന്റെ അക്ഷരോത്സവം

'ഇന്ത്യൻ തൊഴിലാളി' എന്ന മാസിക അക്ഷരാർത്ഥത്തിൽ അധ്വാന വർഗ്ഗത്തിന്റെ അക്ഷരവസന്തം തന്നെയാണ്. ആദ്യലക്കം തന്നെ അക്ഷരവസന്തത്തിന്റെ സർഗ്ഗോത്സവമാണ് അരങ്ങേറിയത്.







പരിണിത പ്രജ്ഞനായ ട്രേഡ് യൂണിയൻ നേതാവ് ആർ. എം. പരമേശ്വരന്റെ അര നൂറ്റാണ്ടുകാലത്തെ രാഷ്ട്രീയ ജീവിതം അധ്വാന വർഗ്ഗത്തിനായുള്ള ആത്മ സമർപ്പണമായിരുന്നുവെന്ന് പറഞ്ഞാൽ അതൊരിക്കലും ഒരു ഭംഗിവാക്കാകില്ല. തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അദ്ദേഹം ഏതറ്റം വരെയും പോകുമായിരുന്നു. സി. ദിവാകരൻ പറഞ്ഞതു പോലെ കറപുരളാത്ത ഒരു വ്യക്തിത്വമായിരുന്നു ആർ. എം. പരമേശ്വരന്റേത്. 84–ാം വയസ്സിൽ അദ്ദേഹത്തിന് ആയുരാരോഗ്യവും ദീർഘായുസ്സും നേരുന്നു.

ഇതുപോലെ അപൂർവ്വങ്ങളിൽ അപൂർവ്വമായ രാഷ്ട്രീയ വ്യക്തിത്വങ്ങളെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്താനുള്ള റിപ്പോർട്ടുകൾ ഇനിയുമുണ്ടാകട്ടെ. പക്ഷേ അത്തരം അപൂർവ്വ വ്യക്തിരത്നങ്ങളെ എവിടെ കണ്ടെത്താനാകും എന്നത് ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണ്.

**കെ. കെ. സത്യവ്രതൻ, കിളിമാനൂർ**




## ഐശ്വര്യവുമായി വന്ന പൂച്ചയ്ക്ക് അഭിവാദ്യങ്ങൾ

ട്രഷറിയിൽ പൂച്ച പെറ്റുകിടക്കുന്നു എന്ന് പറഞ്ഞു കേട്ടിട്ടേയുള്ളൂ. അതിശയോക്തി കലർന്ന ഒരു ഭാഷാ പ്രയോഗം മാത്രമാണ് അതെന്നാണ് പലരും ഇതുവരെ കരുതിയിരുന്നത്. പക്ഷേ അത് പച്ചയായ യാഥാർത്ഥ്യമാണെന്ന് 'ഇന്ത്യൻ തൊഴിലാളിയുടെ മുഖചിത്രം തെളിയിക്കുന്നു.

കുഞ്ഞുങ്ങൾ പാലുകുടിക്കുന്നതിന്റെ നിർവൃതിയിൽ ലയിച്ചു കിടക്കുകയാണ് പൂച്ച. ട്രഷറിയെക്കൊണ്ട് ഈ പാവം സഹജീവിക്കു ഇങ്ങനെയൊരു ഉപകാരമെങ്കിലും ഉണ്ടായല്ലോ എന്ന് ഓർക്കുമ്പോൾ അഭിമാനം തോന്നുന്നു. നമ്മുടെ ട്രഷറിക്ക് പണമില്ലെങ്കിലെന്ത്, ജീവകാരുണ്യം ഏറെ ഉണ്ടല്ലോ.

**ചന്ദ്രശേഖരൻ വട്ടിയൂർക്കാവ്**

